DESPATCHED
22/06/2020
20/3/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2641 *(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *13967/എസ്.ഐ.സി-ജി 6/15*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പാറശ്ശാല സഹദേവൻ,**
**ചെയർമാൻ, കോളേജ് ഓഫ് കമ്മ്യൂണിസം,**
**വട്ടപ്പാറവിള, കാക്കോട്ടുകോണം,**
**ചെറുവാരക്കോണം പി.ഒ., പാറശ്ശാല.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**സെക്രട്ടറി,**
**കാരോട് ഗ്രാമപഞ്ചായത്ത്,**
**കാരോട് പി.ഒ., തിരുവനന്തപുരം**

2. **അപ്പീൽ അധികാരി&**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,**
**സിവിൽ സ്റ്റേഷൻ, നാലാം നില,**
**കൂടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം.** } **എതിർകക്ഷികൾ**

## ഉത്തരവ്

2015ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ ബോധിപ്പിച്ചിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും കമ്മീഷനിൽ നിന്നും ലഭിച്ച 02.11.2019ലെ കത്തു പ്രകാരം ഹർജിക്കാരനെ ഫോൺ നമ്പരിൽ ബന്ധപ്പെട്ടപ്പോൾ ടിയാനെ ലഭ്യമായില്ലെന്നും തുടർന്ന് ഹർജിക്കാരനെ പ്രതിനിധാനം

ചെയ്യുന്ന കോളേജ് ഓഫ് കമ്മ്യൂണിസത്തിന്റെ പ്രിൻസിപ്പൽ അഡ്വ. കെ.ശശിയെ ബന്ധപ്പെട്ടപ്പോൾ ടിയാൻ മരണപ്പെട്ടതിനാൽ പരാതിയുമായി മുന്നോട്ടു പോകുന്നില്ലെന്നും ആകയാൽ ടി ഹർജി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യമാണെങ്കിൽ ടിയാൻ കമ്മീഷൻ മുമ്പാകെ നേരിട്ടു ഹാജരായി വസ്തുത ബോധിപ്പിക്കാൻ തയ്യാറാണെന്നും അറിയിച്ചുവെന്നുമാണ്.

2. കമ്മീഷൻ 16.11.2019ൽ കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാന്റെ പ്രതിനിധി ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു. ആകയാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/